# ഗ്രാമ-നഗര സംഘർഷം അക്കിത്തം കവിതയിൽ

**ഡോ. ജെൻസി കെ. എ**
വകുപ്പുമേധാവി,
മലയാള വിഭാഗം
സെന്റ് ജോസഫ്സ് കോളേജ്,
ഇരിങ്ങാലക്കുട
Email : jencyka@stjosephs.edu.in

**സംഗ്രഹം**

അക്കിത്തം കവിതകളിലെ ഗ്രാമ -നഗര സംഘർഷങ്ങളിൽ ഊന്നിക്കൊണ്ടുള്ള പഠനമാണ് ഇവിടെ നിർവഹിക്കുന്നത്. അക്കിത്തം കവിതകളുടെ ആഖ്യാനപരിസരമാണ് പഠനമേഖല. വിവരണാത്മകരീതിയാണ് പഠനത്തിൽ പ്രയോജനപ്പെടുത്തിയിരിക്കുന്നത്.

**താക്കോൽവാക്കുകൾ:** ഗ്രാമം /നഗരം എന്ന ദ്വന്ദ്വം, ഭൗതികത. ആദ്ധ്യാത്മികത, പാശ്ചാത്യ ആധുനികത

## ആമുഖം

ഗ്രാമമധുരങ്ങളുടെ നേർമ്മയിൽനിന്നും നഗരനായ്പ്പല്ലിടുക്കിലേക്ക് വീണുകിടക്കുന്ന കവിതകളാണ് അക്കിത്തം അച്യുതൻ നമ്പൂതിരിയുടേത്. കണ്ണീർക്കണത്തെ വെണ്ണക്കല്ലായ്മാറ്റാൻ കഴിവുള്ളകവിതകളാണ് അദ്ദേഹം രചിച്ചത്. ജലത്തിന്റെ ആർദ്രതയും കരിങ്കല്ലിന്റെ ദൃഢതയും വിന്യസിക്കുന്ന അപൂർവ്വഭാവനകളിലൂടെ സംവേദനക്ഷമമാകുന്ന മൂർത്താശയങ്ങൾ ഗ്രാമ –നഗരസംഘർഷങ്ങളുടെ ചിത്രം വായനക്കാരനിലേക്കു സംക്രമിപ്പിക്കുന്നു. വാത്സല്യത്തിന്റെ പയസ്വിനികളായ ആ കവിതകളിൽ നഗരത്തിന്റെ ഊഷരചിത്രം കാക്ക കൊത്തിവലിക്കുന്നതായി നാം കാണുന്നു. ഈ പശ്ചാത്തലത്തെ വിശദീകരിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

അക്കിത്തം കവിതയിലെ ഗ്രാമ-നഗര സങ്കല്പങ്ങളിലൂന്നി അത് വ്യക്തമാക്കാൻ ശ്രമിക്കാം.

## ഗ്രാമം /നഗരം എന്ന ദ്വന്ദ്വം

ഗ്രാമത്തിൽ അതിസാധാരണ ജീവിതാവസ്ഥയാണ് നിലനില്ക്കുന്നത്. ദൈനംദിനജീവിതാ


ISSN: 2582 - 2594

നുഭവങ്ങൾകൊണ്ട് മുഖരിതമാണവിടം. വ്യക്ത്യനുഭവത്തെ അഗാധമായി സ്പർശിച്ചുമുന്നേറുന്ന ജീവിതാനുഭവങ്ങളാണതിന്റെ കാതൽ. നിത്യവൃത്തിക്കായി കഷ്ടപ്പെടുന്നവർ, പ്രണയ നഷ്ടത്തിൽ കുമ്പിനിൽക്കുന്നവർ, ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ പ്രാഥമികാവശ്യങ്ങൾക്കായി കരുതലോടെ വർത്തിക്കുന്നവർ, സാമ്പ്രദായിക ചിന്തയിൽ പുലരുന്നവർ, ശാസ്ത്രത്തിന്റെയും സൗന്ദര്യശാസ്ത്രത്തിന്റെയും വെളിയിൽ നിൽക്കുന്നവർ, ഭൂതകാലഭീതിയിൽ വീർപ്പുമുട്ടുന്നവർ, മാമൂൽ പ്രിയതത്വത്തോടൊപ്പം സ്നേഹനിർവ്വിശേഷമാർന്ന അനുഭൂതികളാൽ തളരുന്നവർ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത നന്മകളാൽ സമൃദ്ധമാണ് ഗ്രാമാന്തരീക്ഷം. എന്നാൽ ആധുനികതയിൽ പ്രത്യക്ഷപ്പെട്ട നഗരം കോമ്പല്ലിൽ കരുക്കി ഗ്രാമീണത കശാപ്പു ചെയ്യുന്ന ഭീകരനായ യക്ഷൻ തന്നെയാണ്. ഇടിഞ്ഞുപൊളിഞ്ഞു പോകുന്ന ഗ്രാമീണലോകമാണ് കവിതയിലെ ആധിയായും വ്യാധിയായും വർത്തിക്കുക. മുൻധാരണയെ ചോദ്യം ചെയ്യാൻ ഉതകുന്ന കരുത്തു സമ്പാദിക്കുന്ന കഥാപാത്രങ്ങൾ, നഗരത്തിലേക്ക് വലിച്ചെറിയപ്പെട്ട ഗ്രാമീണതയുടെ പ്രതിബിംബങ്ങളാകുന്ന ആവിഷ്ക്കാരങ്ങൾ, ക്ഷണികതയിൽ ഊന്നൽ നല്കിക്കൊണ്ട് കടന്നുവരുന്ന ബിംബാവലികൾ, ലോകവീക്ഷണത്തിൽ വന്നുചേരുന്ന മാറ്റങ്ങൾ, നാസ്തികനും അവന്റെ നിലപാടുകളും ശരിയെന്ന് വരുന്ന പുതിയ ബോധ്യങ്ങൾ ഇങ്ങനെ നിരവധി കാവ്യതന്തുക്കൾ ആധുനിക കാവ്യസരണിയിൽ കടന്നുവന്നിട്ടുണ്ട്. അക്കിത്തത്തിന്റെ കവിതകളിൽ ഈ ദ്വന്ദങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നോക്കാം.

**ഗ്രാമീണത / ആത്മീയത – നാഗരികത / ഭൗതികത**

അക്കിത്തത്തിന്റെ കവിതകളിലെ ഗ്രാമീണതയും നാഗരികതയും അദ്ദേഹത്തിന്റെ ആത്മീയ /ഭൗതിക മണ്ഡലത്തിന്റെ പരിച്ഛേദമായി വർത്തിക്കുന്നതായികാണാൻ കഴിയും. ഗ്രാമീണ വിശുദ്ധിയന്വേഷിക്കുന്ന കവിതകൾ ആത്മീയ വിശുദ്ധിയും ആനന്ദവും തേടുന്നുണ്ട്. നാഗരികതയാകട്ടെ, ഭൗതികലോകത്തിന്റെ ക്രൂര യാഥാർത്ഥ്യങ്ങൾ നിറഞ്ഞതുമാണ്. ആത്മീയതയെ മുറുകെപ്പുണരാൻ ഇച്ഛിക്കുന്ന കവി ഭൗതികതയെ നിഷേധിച്ചു കൊണ്ടല്ല അത് നിർവ്വഹിക്കുന്നതെന്നു കാണാം.

> "നമ്മളുരുക്കാൽ കോൺക്രീറ്റാലും ചങ്ങലവെച്ചു തളയ്ക്കുന്നു
> ദുർദമനദികളെയെന്നിട്ടവയുടെ വിദ്യുച്ഛക്തി കറക്കുന്നു.
> വിസ്മയമയമാ ക്ഷീരം നൽകിയ വിഭ്രാമകമാമൂർജസ്സാൽ
> എങ്ങും ജീവശരീരത്തിൻമേൽത്തിങ്ങിയ മാറാവ്യസനങ്ങൾ
> മന്ദമുണങ്ങി വരുന്നൂ; വയൽ മദമന്ഥരലാസ്യം ചെയ്യുന്നൂ"
>
> (അക്കിത്തം : 2020: 417 )

എന്ന് ഭാരതീയന്റെ ഗാനം എന്ന കവിതയിൽ അദ്ദേഹം പറയുന്നുണ്ട്. ആർഷ സംസ്ക്കാരത്തെ സ്വീകരിക്കുമ്പോഴും നദികളിൽ നിന്നു കറന്നെടുക്കുന്ന വിദ്യുച്ഛക്തിയുടെ അമൃത് ഭുജിച്ച് അതിനെ നിന്ദിക്കുകയും നിരാകരിക്കുകയും ചെയ്യുന്ന കപടനാഗരികതയിൽ കവി ഏർപ്പെടുന്നില്ല. "പല്ല്, നഖം, വാൾമുന, തോക്ക്, അണുബോംബ് ഇങ്ങനെ വളർന്നുവന്ന ആയുധബലംകൊണ്ടല്ല ശോകത്തെ ജയിക്കുന്നതും നാകത്തെ രചിക്കുന്നതും. ഇപ്രകാരം ഭൗതികതയുടെ നിർമാണാ

ത്മമകശക്തികളെ തള്ളിപ്പറയാതിരിക്കുക; അതേസമയം ആത്മീയതയുടെ പീയൂഷത്തെ – തപോബലംകൊണ്ട് സാക്ഷാത്ക്കരിക്കുന്ന പരനിർവ്വതിയെന്ന പീയൂഷത്തെ-യും അതിൽ നിന്നുളവാകുന്ന അദ്ഭുതമായ ഓജസ്സിനെയും അംഗീകരിക്കുക. ഈ സമന്വയത്തിലാണ് ഭാരതീയസംസ്കാരദർശനത്തെ കവി പ്രതിഷ്ഠിക്കുന്നത് എന്ന് എം. ലീലാവതി അഭിപ്രായപ്പെട്ടതതുകൊണ്ടാണ്. (2010 : 223 )

നഗരത്തിലെ ഗ്രാമീണൻ എന്ന കവിതയിൽ ഉപജീവനം തേടി നഗരത്തിലെത്തുമ്പോഴും ഗ്രാമീണകാലത്തെ ആചാരാനുഷ്ഠാനങ്ങളുടെ നറുനിലാവാണ് നായകനെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. വെറുപ്പോടെയെങ്കിലും ക്രൂരവും വിരൂപവുമായ നഗരത്തെ ആശ്ലേഷിക്കാൻ പഠിച്ചു.

"പൂതനയുടെ മാറത്തെന്നപോലിതിന്റെ കൈ- പ്പൂട്ടിൽ
നഞ്ഞമ്മിഞ്ഞയുണ്ടുറങ്ങിക്കിടക്കുമ്പോൾ
എന്മനസ്സിലെ നീലനീലമാം നിറതിങ്കൾ
കണ്മിഴിച്ചെന്തിന്നോമൽ ചന്ദ്രിക പൊഴിക്കുന്നു?
ആ മനോഹരശോഭവന്നു ചുംബിച്ചിട്ടഭി-
രാമയായ്ത്തീരുന്നുമുണ്ടി,ല്ലയോ നക്തഞ്ചരി?
എന്നിലെപ്പരിശുദ്ധി കെട്ടുപോകയോ, എന്റെ
മുന്നിലെ വൈരൂപ്യത്തിൻ സൗന്ദര്യം തെളികയോ?"

(അക്കിത്തം: 2020: 541 )

നഗരത്തിലെ ഭക്ഷണം വിഷം കലർന്ന അമ്മിഞ്ഞപ്പാലാണ് കവിക്ക്. ആ നഗരം പൂതന പോലെയും. എന്നാൽ മനസ്സിൽ ഗ്രാമവിശുദ്ധി പാറിക്കളിച്ചപ്പോൾ എല്ലാം സഹിച്ച് ആ രാക്ഷസിയായ നഗരപ്പൂതനയെ ആശ്ലേഷിക്കുകയാണ് കവി. ക്രമേണ എന്തൊക്കെയോ ചില സൗന്ദര്യങ്ങൾ ആ നഗരത്തിൽ തെളിഞ്ഞു വന്നു. ഗ്രാമീണ ജീവിതം ഉള്ളിൽ തിളങ്ങുമ്പോൾ ഏത് വേദനയും അത് ലഘൂകരിക്കും എന്ന് കൂടിയും ഈ കവിത വ്യക്തമാക്കുന്നു. ഭൗതികതയുടെ മേൽ ആദ്ധ്യാത്മികതയുടെ വിജയം തന്നെയാണ് ആന്തരതലത്തിൽ കവിത ആശ്ലേഷിക്കുന്നതും.

എലിയറ്റിന്റെ തരിശുനിലം രൂപപ്പെട്ട് നാലഞ്ചു വർഷങ്ങൾക്കുശേഷം ജനിച്ച അക്കിത്തം തന്റെ രചനകളിൽ ശാന്തി മന്ത്രത്തിന്റെ സന്ത്രാസം നര ജീവിതത്തിന്റെതാളമായി പകർത്തിവച്ചു. ഗ്രാമവിശുദ്ധിയുടെ വെളിച്ചം കെട്ടുപോകുമ്പോൾ ഇരുട്ട്സുഖമാകുന്ന കാലം വരുമെന്ന് പ്രവചിച്ചു.

"വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം" എന്ന് അക്കിത്തം കോറിയിടുമ്പോൾ ആത്മീയമായ ഉത്കണ്ഠകളും അനിശ്ചിതത്വവും ആ ബോധ്യങ്ങൾക്ക് ചുക്കാൻ പിടിക്കുകയായിരുന്നു.

പണ്ടത്തെ മേശാന്തി എന്ന കവിതയിൽ ഗ്രാമ-നഗരങ്ങളെ കണ്ണീരുകൊണ്ട് വരഞ്ഞു വച്ചിരിക്കുന്നു. ഉപ്പുകല്ലിനും ഉരിയരിച്ചോറിനുമായി പട്ടണത്തിലെ ഫാക്ടറികളിൽ തൊഴി


ISSN: 2582 - 2594

ലാളിയാകേണ്ടി വന്ന ഉപ്പൻ നമ്പൂതിരിയാണിതിലെ പ്രധാന കഥാപാത്രം. പകിട കളിക്കു ന്ന പ്രായത്തിൽ കുടുംബ ഭാരം ചുമക്കേണ്ടി വന്നയാൾ. പൂജാരിയായി ക്ഷേത്രത്തിൽ ജോലി ചെയ്യാൻ നിൽക്കുമ്പോഴും വ്യാജം പ്രവർത്തിച്ച് പൂജാരി സ്ഥാനത്തുനിന്നും പുറത്താക്കപ്പെട്ട വെങ്കിട്ടനെമ്പരാനെപ്പറ്റിയുള്ള കഥകൾ ആമാശയത്തിൽ വജ്രസൂചിപോലെ തുളഞ്ഞുകയറി യതിനാൽ ജോലി ചെയ്യാൻ വയ്യാതെ വിഷമിക്കുന്ന പൂജാരി ഉപ്പൻ. ആനപ്പുറത്തേറി വളരെ കഷ്ടപ്പെട്ട് ദേവന്റെ കോലം പിടിച്ചിരുന്ന നട്ടുവേദനിച്ച് പുറത്തേക്കിറങ്ങിയപ്പോൾ ആനയെ തൊടാൻ അനുവാദം ചോദിക്കാൻ വന്ന കുട്ടികളോട്

"എന്റെയല്ലെന്റയല്ലിക്കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും മക്കളെ"

എന്ന് പറഞ്ഞു ആധുനികതയുടെ വിഹ്വലതകൾ എണ്ണിയെണ്ണി പറഞ്ഞ ഉപ്പൻ നമ്പൂതിരി. നഗരത്തിന്റെ കോമ്പല്ലിൽ സ്വയം കോർക്കപ്പെട്ട് നെയ്യുരുവത്തുണ്ട പോലെ അലിഞ്ഞൊലി ച്ച് വിയർത്ത് കുളിച്ച് ഗ്രാമവിശുദ്ധിയോടെ നിൽക്കുന്നു. ഗ്രാമത്തിലെ പട്ടിണിക്ക് ബദലായി നഗരത്തിലെ കഠിനാധ്വാനം, നിർമ്മമത, ഊഷരത എന്നീ തീവ്ര യാതനകൾ കവിയുടെ മനസ്സിനെ സംഘർഷഭരിതമാക്കുന്നു. ഏതാണ് നല്ലത് എന്ന് സ്വയം ചോദിച്ചു പോകുന്നു. ഫാക്ടറി തൊഴിലാളിയായി മാറിയതിന് ശേഷവും താൻ പണ്ട് വെച്ച് നിവേദിച്ച പണപ്പായ സത്തിന്റെ സ്വാദാണ് ഉപ്പൻ നമ്പൂതിരിയുടെ നാവിൽ തെളിയുന്നത്.

കാലഹൃദയം എന്ന കവിതയിൽ നഗരസംസ്കാരത്തിന്റെയും കാല വിപര്യയത്തിന്റെയും പ്രശ്നങ്ങൾ ഊഷരമാക്കിത്തീർത്ത മനുഷ്യജീവിതത്തെയാണ്അടയാളപ്പെടുത്തിയിരിക്കുന്നത്. കടംകൊണ്ട് ഗ്രാമത്തിലെ കർഷകൻമുങ്ങിപ്പോകുന്നു. കടം വീട്ടാൻ കഴിയാതെ കഷ്ടപ്പെട്ട് ദരിദ്രനായി നിൽക്കുന്ന അവൻ യന്ത്രവേഗപ്പല്ലിടുക്കിനടിയിൽപ്പെട്ടുഴലുന്നു.

"ഫോറിൻസാരി പ്രകാശങ്ങൾകാറ്റേൽക്കും സൗരഭങ്ങളിൽ
മുതലാളിത്തലഹരിക്കുത്തടിക്കുന്ന ഹോണുകൾ.
താടിമീശയൊടൊന്നിച്ചുമുടിതോളത്തു തട്ടവേ
ക്ഷൗരക്കടയടയ്ക്കുന്ന ചെത്തം കാതിൽ ചിരിച്ചുവോ?
നാലുരൂപയ്ക്കു വിൽക്കുന്ന ലിറ്റർച്ചാക്കരിതൻ മണം
ഉണ്ണാനായ് ക്യൂവിൽ നിൽപ്പല്ലോനരച്ച ജനകീയത!"

(അക്കിത്തം : 2020: 763)

ഏതൊക്കെ കക്ഷി ഭരിച്ചാലും സാധാരണക്കാരുടെ ജീവിതം എത്രമേൽ ദുരിത പൂർണ മാണ് എന്ന് ഈ കവിത ചൂണ്ടിക്കാണിക്കുന്നു. ഗ്രാമബിംബങ്ങൾ അക്കിത്തത്തിന്റെ കവിത യിൽ പ്രസാദാത്മകമോ സാത്വികമോ ആയ ഭാവനകൊണ്ട് നിറഞ്ഞുതുളുമ്പിയകവിയാണ് അക്കിത്തം.

സംസ്കാരസംഹിതകളെ അനാദരിക്കാതെ തന്നെ ത്യാജ്യഗ്രാഹ്യ വിവേചന ബുദ്ധിയോ ടെ അവയിൽ ചേർന്നിട്ടുള്ള നന്മകളെ സ്വാംശീകരിക്കാനുള്ള കഴിവാണ് അക്കിത്തത്തെ മറ്റ്

കവികളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. ഗ്രാമവിഭവങ്ങളുടെ പങ്കുവയ്ക്കലിലൂടെയാണ് തന്റെ ഉത്തമമായകാവ്യാനുഭൂതികൾ അദ്ദേഹം സ്വാംശീകരിച്ചെടുക്കുന്നത്. പൗരാണികതയും സമകാലികതയും ഒരുപോലെ സ്വാംശീകരിക്കുന്ന കവിതകൾ കേരളീയ സംസ്കൃതിയിൽ നിന്നും ഊർജ്ജം സ്വീകരിച്ചുകൊണ്ട് ഗ്രാമവിശുദ്ധിയോടെ നിറഞ്ഞുനിൽക്കുന്നു.

ആസ്തിക്യബോധത്തിന്റെ പ്രകടനം ഉൾക്കൊള്ളുന്ന ആർഷവിഭവങ്ങളിലൂടെ കവിത കടന്നുപോകുന്നത് കാണാം. മഴവില്ല്, മൃഗശാല, ഷർട്ട്, തെരുവ്, കണ്ണീർ, മദ്യം, അരിശം, പുഞ്ചിരി, കുഞ്ഞിക്കാൽ, കിടക്ക, മനോരാജ്യം, പാലൂട്ടുക, പാളത്താറ്, പീലി, പ്രസാദം, ധർമ്മപുരി, ചുട്ടപപ്പടം, മൈലാഞ്ചി, കൈ, വാടാതിരിക്കുക, ആമ്പൽപ്പൂവ്, കിണർ, കുട്ടികൾ, പൂച്ചക്കുട്ടി, ചെന്താമര, കരയൽ, ചേര, അരി കിട്ടാഞ്ഞിട്ട്, മുല്ലപൂത്തപ്പോൾ, ഓണം, തുമ്പപ്പൂ, ഉപ്പേരി, മാവേലി, അരിമാവ്, ചന്തി, അമ്പിളിമാമൻ, കൊമ്പൻ, പച്ചിലക്കുട്ടം, കുയിൽ, കഴുത, എരുമ, പെണ്ണ്, പാൽപ്പായസം, ശർക്കര, വിഷുക്കൈനീട്ടം, പിതാവ്, ഒറ്റക്കുട, വെഞ്ചാമരം, ഉദ്യമം, താഴ്വര, കണ്ണട, പഞ്ചാര മിട്ടായി, ദണ്ണം, ചെമ്പുപാത്രം, നാഴിക, കുട്ടപ്പൻ, കൊട്ടുമുണ്ട, കടവായിൽ, ഗ്രാമകന്യക, തട്ടാൻ, കോമരം, പഹയൻ, കണ്ണാടി തുടങ്ങി കവിതകളുടെ ഗ്രാമീണ വിശുദ്ധിയിലൂടെ നടന്നുമറയുന്ന സാത്വികനെ അക്കിത്തത്തിൽ കണ്ടെത്താം. മനുഷ്യരാശിയുടെ കർമ്മഫലം മുഴുവൻ ആറ്റികുറുക്കി ഒഴിച്ചു തരാൻ അക്കിത്തത്തിന് സാധിച്ചിരിക്കുന്നു. വാക്കിലെ സമ്പന്നതയും അനശ്വരതയും അനായാസതയും പ്രതീക്ഷാനിർഭരത്വവും ഓരോ പദത്തിലും അന്വേഷിച്ചിരിക്കുന്നു. സമകാല സമൂഹം കണ്ടെത്തുകയും പരിശോധിച്ച് മടുപ്പോടെ ഉപേക്ഷിക്കുകയും ചെയ്ത പുതിയ ആശയങ്ങളെയും സംക്ഷിപ്തമായി അവതരിപ്പിക്കുന്നുണ്ട്. ക്ഷണികവും കരാളവും ഉപയോഗരഹിതവുമായ ജീവിതത്തിന്റെ നേരെ നഷ്ടബോധത്തോടെ സഞ്ചരിക്കുന്ന കവി നഗരത്തിന്റെ അർത്ഥ ശൂന്യതയുമായി തന്റെ നഷ്ടബോധത്തെ ബന്ധിപ്പിക്കുന്നു. തന്റെ ജീവിതത്തെ കവർന്നെടുക്കുന്നത് മാറ്റമോ നൈമിഷികതയോ അല്ല നഗരമാണെന്ന് അദ്ദേഹം തീർച്ചപ്പെടുത്തുന്നു. അതിനാൽ നഗരത്തിനെതിരെപടപൊരുതി കവി വലയുകയും, ഗ്രാമീണതയുടെ വിജയത്തിനായി കൊതിക്കുകയുംചെയ്യുന്നു. അനുനിമിഷംഅസ്തമിച്ചുകൊണ്ടിരിക്കുന്ന പച്ചപ്പുകൾ മറനീക്കി കാണിക്കുവാൻ നഗരത്തിന്റെ മൂടുപടം കവിക്ക് കൂടിയേ തീരൂ. അക്കിത്തത്തിലെ നഗരസങ്കല്പം ഗ്രാമവിശുദ്ധിയെ പൂർണ്ണമാക്കാനായി അദ്ദേഹം സംവഹിക്കുന്ന ചില ഇടങ്ങളാണ്. പരഭാഗശോഭയോടെയാണ് അത് മൂർത്ത ഭംഗി തേടുന്നത്.

സോഷ്യലിസം സൃഷ്ടിച്ച പ്രപഞ്ചമായികത ആദ്യം ഇഷ്ടപ്പെടുകയും പിന്നീട് സോഷ്യലിസം പ്രകൃതിനിയമങ്ങളോട് യോജിക്കാതെ പോകുന്നു എന്ന് മനസ്സിലാക്കി കണ്ണീർ വാർക്കുകയും ചെയ്ത കവിയാണദ്ദേഹം. പ്രാപഞ്ചിക ചിന്തകളെ വേരിലെ പിഴുതുകളഞ്ഞ്, നാം ജീവിക്കുന്ന ഭൂമിയെ ഒരു ഗ്രഹമാക്കി വികസനത്തിന്റെ പേരിൽ വികൃതവും മനുഷ്യവിരുദ്ധവും പ്രകൃതി നാശകാരിയും ആക്കുന്ന പ്രപഞ്ചബോധത്തിനെതിരെയാണ് അക്കിത്തം പ്രതികരിക്കുന്നത്.

"ഭൗതിക-രാഷ്ട്രീയ ചിന്തകളിൽപ്പെട്ടു ഞെരുങ്ങീട്ടും അക്കിത്തത്തിന്റെ കവിതയ്ക്കു യജ്ഞഭംഗം ഉണ്ടായിട്ടില്ല. 'കിണറിനു നന്ദി' എന്ന കവിതയിൽ അദ്ദേഹം ഇങ്ങനെ പറയുന്നു,

'വിണ്ണിലെ ജലദത്തിൻ കനിവാൽ വിജൃംഭിക്കെ

ച്ചെമ്മണ്ണിനാൽക്കലങ്ങവേ, പാഞ്ഞുപോം നിളചൊല്ലി;


ISSN: 2582 - 2594

എന്നപാന്തത്തിൽച്ചിരന്തനമാനവലോകം
പുന്നെല്ലുപോലേ ചിരസംസ്കൃതികൊൾവൂ ഭദ്രം.'
ഈ വിശ്വാസമാണ് കവിയുടെ എല്ലാ പ്രതീക്ഷകളുടേയും ഉയിര്."

(പി.എം. നാരായണൻ: 2016 : 167)

**നഗരബോധം**

നഗരബോധം ആധുനികന്റെ ജീവിതത്തെ തളർത്തിക്കഴിഞ്ഞപ്പോൾ വികസന സങ്കൽപ്പങ്ങളിൽ എന്താണ് ഉള്ളത് എന്ന് അന്വേഷിക്കുവാനുംപുരോഗമനേച്ഛുവായി മാറുവാനും അക്കിത്തം ശ്രമിച്ചിട്ടുണ്ട്. എന്നാൽ ജീവിതചംക്രമണത്തിന്റെ സാധ്യതകളാണ് ഈ കൊച്ചു ജീവിതത്തിൽ എണ്ണ തിരിയുടെ വെളിച്ചത്തിൽ എന്നപോലെ ഉന്മൂലനം ചെയ്യപ്പെടേണ്ടത് എന്ന് കവി കരുതുന്നു. ഉള്ളിൽ കൊള്ളുന്ന ഭാഷയിൽ ഒരു സംസ്കാരവും ജീവിതാവസ്ഥയും വ്യവഹാര ലോകവും മുഴുവൻ കവിതയിൽ പ്രതിഫലിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഒരു ഭാഷയ്ക്കുള്ളിൽ തന്നെ അനേകം ഭാഷാഭേദങ്ങൾ കണ്ടെത്താനും അനേകം ജീവിത ചിത്രങ്ങൾ സമന്വയിപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

"വാടാത്ത താമരയും കെടാത്ത സൂര്യനും' എന്ന കവിതയിൽ അക്കിത്തത്തിന് ഏറെപ്രിയപ്പെട്ട മർത്യവർഗപരിണാമചരിത്രമാണ് നഗരബോധത്തിന്റെ പ്രതിഫലനമായി കാണാനാവുന്നത്.

"പാത്രം പണിയാൻ മാന്തിയ മണ്ണിലി-
രുമ്പും പൊന്നും ചെമ്പും
പാർത്തു നര, രാപ്പാത്രങ്ങളിലോ
കലയുടെ വല്ലികൾ പൂത്തു"

പ്രാചീനമായ ഒരു ലോകവ്യവസ്ഥ ഭാഷ സൂചകങ്ങളിൽ നിറച്ച് നഗരത്തിന്റെയും തത്വചിന്തയുടെയും ഉദയം സംഭവിക്കുന്നത് എങ്ങനെയെന്ന് വാങ്മയ ചിത്രത്തിലൂടെ കവി ഇവിടെ അവതരിപ്പിക്കുന്നു. അക്കിത്തത്തിന്റെ കാവ്യഭാഷ ഗ്രാമീണതയെ വിട്ട് നാഗരികതയിലേക്ക്എത്തിച്ചേരുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം എന്ന രചനയിലൂടെയാണ്. 1952 ലാണ് ഈ ഒരു മാറ്റത്തിന് തുടക്കമിടുന്നത്. കമ്മ്യൂണിസ്റ്റ് വിപ്ലവ പ്രസ്ഥാനം സാമൂഹ്യ രാഷ്ട്രീയ തലങ്ങളിൽ പുതിയലോക ബോധം സൃഷ്ടിക്കുകയും മർദ്ദിതരും ചൂഷിതരും നിന്ദിതരും പീഡിതരുമെല്ലാം പുതിയ ലോകവ്യവസ്ഥ സ്വപ്നം കണ്ട്തുടങ്ങുകയും ചെയ്യുന്ന കാലത്താണ് ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം എന്ന കൃതിയുടെ രചന. ആ കാലഘട്ടത്തിലെ ശകലിതമായ ജീവിതാവസ്ഥയും വ്യഥയും നിറഞ്ഞുനിൽക്കുന്ന സൂചകങ്ങളാണ് ഈ കൃതിയെ വ്യത്യസ്തമാക്കുന്നത്. ആശയവിനിമയത്തിന്റെ ഓരോ സന്ദർഭങ്ങളിലും ഭാഷണ രൂപങ്ങൾ പുതുക്കിക്കൊണ്ട് നാടിന്റെയും സമുദായത്തിന്റെയും ജാതിയുടെയും തൊഴിൽ കൂട്ടായ്മയുടെയും വേഷമണിഞ്ഞ് പ്രത്യക്ഷപ്പെടുന്ന ഭാഷാഭേദ സൂചകങ്ങളിലൂടെ നാട്ടും നഗരവും തമ്മിലുള്ള സംഘർഷം അടയാളപ്പെടുത്താൻ കഴിഞ്ഞു.

"അസുരന്മാരായഃ പൂർണ-
ഭീമാവയവ രൂപികൾ
പുകതുപ്പുന്ന യന്ത്രങ്ങൾ
കറങ്ങും തൊഴിൽ ശാലയിൽ
ചോരയീമ്പാനവയ്ക്കുള്ള
ചക്രപ്പല്ലുകൾ തോറുമേ
മാംസപേശികൾ കോർക്കുന്നു
മനുഷ്യത്തൊഴിലാളികൾ
ശരിയാണ്ഭീമകായന്റെ
വായിൽ നിന്നതിരുന്നതോ,
ഒരൊറ്റ വിടവില്ലാത്ത
രോമപ്പട്ടുടയാടകൾ
സ്രഷ്ടാവല്ലവയാൽ
പക്ഷേ തണുപ്പാറ്റുന്നതെന്നു ഞാൻ
അറിഞ്ഞ ദിവസം കാള-
രാവായെന്നുടെ ജീവിതം." (അക്കിത്തം: 2020: 235)

നിലവിലുള്ള നഗരവ്യവസ്ഥയുടെ ഒരു തെളിഞ്ഞ ചിത്രം ഇവിടെകാണാനാകും. യന്ത്രങ്ങളും, ചോര നീരാക്കി ചക്രപല്ലുകൾക്ക് അകമേയകപ്പെട്ട് ഉലയുന്ന ഗ്രാമീണതയും ഇവിടെ പ്രസ്താവ്യ മാണ്. സമ്പൽസമൃദ്ധമായ നഗരജീവിതം ലോകത്തിന്റെ എതിർമുഖമാണെന്നും അത് ക്ഷുദ്ര ലോകമാണെന്നും കവി കരുതുന്നു. അദ്ദേഹം മുന്നോട്ടുവെക്കുന്ന ചിത്രങ്ങളിൽ ഈ നൈരാശ്യം പ്രതിഫലിക്കുന്നു.

"നിരത്തിൽ കാക്ക കൊത്തുന്നു
ചത്ത പെണ്ണിന്റെ കണ്ണുകൾ
മുല ചപ്പി വലിക്കുന്നു
നരവർഗനവാതിഥി. " (അക്കിത്തം: 2020: 237)

താൻ ജീവിച്ചിരിക്കുന്ന വ്യവസ്ഥയോടുള്ള പ്രതിഷേധം, ഇതെല്ലാം വരുത്തിക്കൂട്ടുന്ന നഗര ബോധത്തോടുള്ള എതിർപ്പ്, ആഡംബരത്തിന്റെയും ആർത്തിയുടെയും വ്യവഹാര ലോകത്തിൽ ഒറ്റപ്പെട്ടുപോകുന്ന മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള ആധി ഇവയെല്ലാം ഈ നഗരചിത്രത്തിൽ കാണാം. ഭാഷയിൽ കല്ലിച്ചു കിടക്കുന്ന നഗരമുഖം ഈ നാലുവരികളിൽ സംക്ഷിപ്തമാകുന്നത്. കേരളത്തിന്റെ നാട്ടു സംസ്കൃതിയിൽ നിന്നും കഥകളിൽ നിന്നും വിട്ട്പുതിയ ലോകബോധ ത്തിലേക്കും പാശ്ചാത്യ ആധുനികതയിലേക്കും വ്യവസായവൽക്കരണത്തിലേക്കും ചാഞ്ഞു നിൽക്കുന്ന പ്രമേയമാണ് ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം എന്ന കവിതയിലെ നഗര


ISSN: 2582 - 2594

ബോധമായി പരിണമിക്കുന്നത്. ഇവിടെ മുല ചപ്പി വലിക്കുന്ന നരവർഗനവാതിഥിയോ പാശ്ചാത്യ ആധുനികതയുടെയും അറ്റു വീഴുന്ന ഗ്രാമസംസ്കൃതിയുടെയും പ്രതീകം തന്നെയാണ്. ഏത് വിപ്ലവങ്ങൾക്ക് കൊടിപിടിക്കുമ്പോഴും മനുഷ്യസ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം അതിന്റെ ആദർശം എന്ന് കവി ഇവിടെ പറഞ്ഞുവെക്കുന്നു.

നായകനും പ്രതിനായകനും ഒന്നായി തീർന്ന ഇതിഹാസരൂപം പൂണ്ട് നിലകൊള്ളുന്ന പുതിയ വിപ്ലവകാരിയാണ് അക്കിത്തത്തിൽ പ്രതിഫലിക്കുന്നത്.

**ഗ്രാമ-നഗര സംഘർഷങ്ങളിലേക്ക് അക്കിത്തം കവിത പരിണമിച്ചതിന്റെ കാരണങ്ങൾ**

ഗ്രാമ – നഗര സംഘർഷങ്ങളിലേക്ക് ചെന്നെത്തുന്നതിന് കാരണമായ വസ്തുതകൾ പരിശോധിക്കുമ്പോൾ അക്കിത്തം തന്നെ പറഞ്ഞ ചില വാക്കുകളിൽ അതിന് ഉത്തരം ലഭിക്കുന്നുണ്ട്. ബലിദർശനം എന്ന കവിതയിൽ പറഞ്ഞുവെച്ച ഒരു കാര്യം ഇതിന് നിദർശനമാണ്.

"ഈ കൃതിയുടെ രചനയിലും അന്യരിൽനിന്നും എത്രയോ അറിവുകൾ സ്വാഗതം ചെയ്തിട്ടുണ്ട്- എന്റെ സുഹൃത്തുക്കളായ പി.സി, തിക്കോടീയൻ, ആർ. രാമചന്ദ്രൻ, എൻ. പി. മുഹമ്മദ്, എം. ജി. എസ്. നാരായണൻ, എൻ. എൻ. കക്കാട്, ഡോക്ടർ ടി. കെ. രവീന്ദ്രൻ, ടി. വേണുഗോപാലൻ, പി. എം. നാരായണൻ, അരവിന്ദൻ, വാസുദേവൻ, ആർ. വിശ്വനാഥൻ ഇവരെല്ലാം ഇതു വായിച്ചു കേൾക്കുകയും അനുകൂലവും പ്രതികൂലവുമായ അഭിപ്രായം പറയുകയുംചെയ്തിട്ടുള്ളവരാണ്. സർവ്വോപരി എന്റെ പരമാചാര്യനായ ഇടശ്ശേരിയും. മാത്രമല്ല, സഹധർമ്മിണി, കുട്ടികൾ എന്നിവരും തുറന്നഅഭിപ്രായം പറയാറുണ്ടായിരുന്നു" (അക്കിത്തം: 1974: 10) തന്റെ പൂർവഗാമികളായ, ആധുനികതയുടെ വക്താക്കളായ, സാഹിത്യകാരന്മാരെ ഉദ്ധരിക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട് എന്ന സൂചന അദ്ദേഹത്തിന്റെ കവിതകളിൽ നിന്ന് തന്നെ നമുക്ക് ലഭിക്കുന്നുണ്ട്.

> "പൊടിമീശ,തിളങ്ങീടും സ്വർണ്ണം കെട്ടിയ കണ്ണട, ബനിയൻ
> പുറമെക്കാണു- മ്മാറെഴും സിൽക്കു ജൂബ്ബയും.
> പുകച്ചുരുളുയർത്തുന്ന ഗോൾഡ്ഫ്ളേക്കധരങ്ങളിൽ, ചുരുളൻ
> മുടിയിൽത്തീക്ഷ്ണ ഗന്ധിയാം ഹെയറോയലും,
> കൈകളിൽ സ്സിഗററ്റ്കേസും തീ കത്തിക്കുന്ന യന്ത്രവും,
> കീശയിൽച്ചീർപ്പൊ,രു മണി- ക്കണ്ടത്തിൽ 'ഫേവർലൂബ'യും"

ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസത്തിൽ ഈ വരികളിൽ കടന്നുവരുന്ന യുവാക്കളുടെ ചിത്രം എൻവിയുടെ കൊച്ചുതൊമ്മൻ എന്ന കൃതിയിൽ വരഞ്ഞിരിക്കുന്ന കൊച്ചുതൊമ്മന്റെ ചിത്രത്തോട് വളരെയധികം സാമ്യമുള്ളതാണ്. കൊച്ചു തൊമ്മനും ഗോൾഡ് ഫ്ലേക്ക് പുകച്ചുരുളുകൾ കൊണ്ട് മിന്നുകയും ചുരുളൻ മുടിയിൽ നിന്ന് സുഗന്ധം ഉയരുന്ന രീതിയിൽ കുളിക്കുകയും സിൽക്ക് ജൂബ്ബയും മറ്റും ധരിച്ചു നടക്കുകയും ചെയ്യുന്ന പുതിയ യുവാവിന്റെ പ്രതിനിധി ആയിരുന്നല്ലോ. കക്കാടിന്റെ കവിതയിലെ നഗര സങ്കൽപ്പവുമായും ഈ കവിതയ്ക്ക് സാധർമ്മ്യം കാണാം.

യുക്തിയും ഭക്തിയും ഇടതിങ്ങിയ ജീവിത പന്ഥാവിലേക്കാണ് അക്കിത്തം പിറന്നുവീണതും വളർന്നുപോന്നതും. നവോത്ഥാനത്തിന്റെവെളിച്ചം വിപ്ലവകരമാംവിധം തന്റെ സമൂഹത്തിൽ ആഞ്ഞടിച്ചത് അദ്ദേഹം കണ്ടു. എന്നാൽ താൻ പരിചയച്ച തറവാടുകളുടെയും അവയുടെ നന്മകളുടെയും ഇടയിൽ നിന്ന് മാറുക അദ്ദേഹത്തിന് അസാധ്യമായിരുന്നു. വിപ്ലവാഭിമുഖ്യത്തോടെ കവിതയിലേക്ക് എടുത്തുചാടിയ അക്കിത്തം, താൻ വിശ്വസിക്കുന്ന രാഷ്ട്രീയപ്രസ്ഥാനത്തിന്റെ അന്തസാരശൂന്യതയെ ചോദ്യം ചെയ്യുവാനും മുതിർന്നു.

"ഓരോ മാതിരി ചായം മുക്കിയ
കീറത്തുണിയുടെ വേദാന്തം"

എന്ന് ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസത്തിൽ പ്രസംഗിക്കുക മാത്രം ചെയ്യുന്ന നേതാക്കളെ മുൻനിർത്തി അക്കിത്തം പ്രസ്താവിച്ചു. തീർച്ചയായും രാഷ്ട്രീയ പുഴക്കുത്തുകളെ ചൂണ്ടിക്കാണിക്കുക എന്ന ലക്ഷ്യത്തോടെയായിരിക്കും അക്കിത്തം അത്തരത്തിൽ എഴുതിയത്.

**ഗ്രാമം സ്ഥായി – നഗരം സഞ്ചാരി**

അക്കിത്തം കവിതയിലെ ഗ്രാമം അദ്ദേഹത്തിന്റെ കവിതയുടെ സ്ഥായിഭാവമായി വർത്തിക്കുന്നു. നഗരമാകട്ടെ വന്നും പോയുമിരിക്കുന്ന സഞ്ചാരി ഭാവങ്ങൾക്ക് തുല്യമായി വർത്തിക്കുന്നു.

**കുടുംബം**

ഗാർഹസ്ഥ്യത്തോടുള്ള ഗാഢബന്ധമാണ് അക്കിത്തം കവിതയുടെ ജീവൻ. വിശാലമായി പറഞ്ഞാൽ ഈ വസുധ തന്നെ കുടുംബമായി കാണുന്ന ഭാരതീയ വീക്ഷണമാണ് അദ്ദേഹത്തിൽ പുലരുന്നത്. മിക്ക കവിതകളിലെയും ആഖ്യാതാവും കഥാപാത്രങ്ങളും ഒരു കുടുംബനാഥനോ കുടുംബത്തിനുള്ളിലെ അംഗമോ ആയിരിക്കും. തനിക്ക് ചുറ്റുമുള്ള ലോകത്തെ കുടുംബപശ്ചാത്തലത്തിലും ഗ്രാമീണതയുടെ അടരുകളിലും ചേർത്ത് നോക്കിക്കാണാനാണ് കവി ഇഷ്ടപ്പെടുന്നത്. കുടുംബനാഥനും കുടുംബിനിയുംതമ്മിലുള്ള സൗഹൃദവും കുട്ടികളുമായുള്ള അടുപ്പവും കവിതകളിൽകാണാം. മൂല്യം പകരുന്ന ജീവിതബോധമാണ് ഗ്രാമീണ വിശുദ്ധിയോടെ അവതരിപ്പിക്കുന്നത്. അക്കിത്തം വിഭാവനം ചെയ്യുന്ന ജീവിതത്തിന്റെ തത്വവും അതുതന്നെ. കാളിദാസ മഹാകവിയുടെ കാവ്യങ്ങളുടെ ചുവടുപിടിച്ചാകണം അദ്ദേഹം ഇത്തരത്തിൽ കാവ്യസംസ്കാരം പുലർത്തിയത്. മധുവിധു ശേഷം എന്ന കാവ്യസമാഹാരത്തിൽ സമസ്ത സ്ഥാപിത താല്പര്യങ്ങളുടെയും വിളനിലമായി കുടുംബത്തെ കാണണം എന്ന നിലപാട് അദ്ദേഹം പുലർത്തുന്നു. കുടുംബജീവിതത്തിന്റെ ചിരിയും ദുഃഖവും മധുരവും കയ്പ്പും പൂർണമായി ആസ്വദിക്കുകയും അതിൽ സായൂജ്യമടയുകയും ചെയ്യുന്ന കവിത്വ സിദ്ധിയാണ് അക്കിത്തത്തിൽ കാണാൻ കഴിയുക. ഗ്രാമീണ ജീവിതത്തിന്റെ സാക്ഷാത്കാരമാണ് ഇവിടെ കാണാൻ സാധിക്കുന്നത്.

ആത്മീയതയും കുടുംബ ബന്ധങ്ങളും ഗാർഹിക ജീവിതവും ആത്മീയ ജീവിതവും സമാന്തരമായി നിർത്തി താരതമ്യം ചെയ്യുന്ന ജീവിത വീക്ഷണമാണ് കവി പുലർത്തുന്നത്. ഏതുതരത്തിലുള്ള ജീവിതമായാലും അത് ആത്മനിർവൃതി പുലർത്തുന്നതായി മാറ്റിയെടുക്കണമെന്ന നിലപാട് അദ്ദേഹത്തിൽ കാണാം.

വിവേകാനന്ദസ്മരണ എന്ന കവിത ഇതിന് ഉദാഹരണമാണ്. സുധീരമായ ഒരു ആത്മ


ISSN: 2582 - 2594

സാധനയിലൂടെ മാത്രമേ കുടുംബജീവിതത്തെ നിവർത്തിക്കാൻ കഴിയൂ എന്ന് അദ്ദേഹം മനസ്സിലാക്കുന്നു. സാധാരണക്കാരന്റെ ഗാർഹിക ജീവിതത്തിന്റെ സമസ്ത ഭാവങ്ങളും കാവ്യ സാധനയിലൂടെ അദ്ദേഹം സാക്ഷാൽക്കരിച്ചു. പരഭാഗഭംഗി എന്ന കവിതയിൽ പ്രണയബന്ധങ്ങളെ ആഴത്തിൽ അപഗ്രഥിക്കുന്നതോടൊപ്പം തന്നെ പുരുഷനും സ്ത്രീയും തമ്മിലുള്ള സംവാദത്തിലൂടെ മുന്നേറുന്ന കവിതയാണ് ജീവിതം എന്നആശയം കൂടി അവതരിപ്പിക്കുന്നു. സ്ത്രീപുരുഷ ബന്ധത്തിന്റെസാന്ദ്രതലങ്ങളിലേക്ക് അനുവാചകനെ കൂട്ടിക്കൊണ്ട് പോകുന്ന ധാരാളം കവിതകൾ അദ്ദേഹം രചിച്ചു. അക്കിത്തത്തിന്റെ നായകന്മാർ തെറ്റുകാരാണ്. അവർ കൊടും തെറ്റൊന്നും ചെയ്യാതെതന്നെ സ്വയം അപരാധിയായി കണക്കാക്കുന്നു. ഗ്രാമത്തിലെ പ്രതിബിംബങ്ങളാണ് ഇത്തരം കഥാപാത്രങ്ങൾ എല്ലാം.

ഉമസ്തൻ ഹോട്ടലിൽ എന്ന ഹൃദയസ്പർശിയായ കവിത തൈർ വേണ്ടയോ എന്ന് ആരായിരുന്ന ഒരു കഥയിലൂടെയാണ് ആരംഭിക്കുന്നത്. വീട് വിട്ടാൽ മറ്റൊരു ലോകം എന്ന സ്ഥിതി അക്കിത്തത്തിന്റെ ഗൃഹനാഥന്മാർക്കില്ല. സ്ഫടിക പാത്രത്തിലെ മോഹിപ്പിക്കുന്ന ഉടയാത്ത സൗരഭ്യം കൂട്ടി എല്ലാവരും ഭക്ഷണം കഴിക്കുമ്പോഴും ചുട്ട പപ്പടത്തിനും കൈപ്പുണ്ണ്യ ചമ്മന്തിക്കുമായി കുട്ടികൾ കരയുമ്പോൾ പഞ്ചാര വാക്ക് പറഞ്ഞു അവരെ കരയാതിരുത്തുന്ന ഭാര്യയുടെ ചിത്രമാണ് അദ്ദേഹത്തിന്റെ മനസ്സിൽ നിറയുന്നത്. പെട്ടെന്ന് ആ കൈ തട്ടി തൈർ പാത്രം താഴത്ത് വീണുടയുമ്പോഴും തനിക്ക് തൈർ കഴിക്കേണ്ടിവരാത്തത് ഭാഗ്യമാണെന്ന് നായകൻ ചിന്തിക്കുന്നത്.

**തകരുന്ന നാലുകെട്ടുകളല്ല, ജഗന്മിഥ്യാ വിരുദ്ധവാദം തന്നെ**

ഭാരതീയന്റെ ഗാനം എന്ന കവിതയിൽ സ്വപ്രയത്നത്താൽ മനുഷ്യൻ ഉണ്ടാക്കിയ പുരോഗതിയെ ആദരിക്കുന്ന ഒരു കവിയെ നമുക്ക് കാണാം. ശാസ്ത്രമോ യുക്തിവാദമോ അപ്രസക്തമല്ല, എങ്കിലും വാളുകൊണ്ടല്ല മനുഷ്യൻ ശോകത്തെ ജയിക്കുന്നത് എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ടുതന്നെ, വീടുവേണമോ വീട് എന്ന കവിതയിലും സങ്കല്പത്തിൽ വിടരുന്നത് ഗ്രാമശാന്തിയിലെ ജീവിതമാണ്. എന്നാൽ യാഥാർത്ഥ്യം നഗരത്തിലെ വാടകവീട്ടിൽ കഴിയലാണ്. ഗ്രാമത്തിലെ വീട്ടിൽ വാടക കൊടുക്കാതെ കഴിയുന്നയാൾ മരപ്പട്ടിയാണ്. ഗ്രാമത്തിന് നഗരത്തിലെത്താൻ മോഹമാണ്. ഗ്രാമത്തിലെ ആ വീട് വിലയ്ക്കുവാങ്ങാൻ ആരും തയ്യാറാകാത്ത ദയനീയതയാണ് കവി പങ്കുവയ്ക്കുന്നത്.

**ഗ്രാമമൂല്യം നാണയമൂല്യം പോലെ**

രൂപയുടെ മൂല്യം നിരന്തരം കുറയുന്നു. നഗരമൂല്യം കൂടുന്നു. ഗ്രാമമൂല്യം ഉണരുന്നു. പക്ഷെ അതിന് വിലയിടിയുന്നു. ഇതിഹാസത്തിൽ പറയുന്നു.

"രാത്രി ഉറങ്ങാൻ നേരത്ത്
എണ്ണിവെച്ച നൂററുപ്പിക നോട്ടുകൾ
പുലരുമ്പോഴേക്കു പത്തുക. നോട്ടുകളാകുന്നു."

### ഗ്രാമ-നഗര സംഘർഷം അക്കിത്തത്തിന്റെ കുട്ടിക്കവിതകളിൽ

കാത്തിരിപ്പ് എന്ന കവിതയിൽ നെയ്യലുവ തിന്നാനായി കാത്തിരിക്കുന്ന കുട്ടിയും നഗരത്തിൽ ജോലി ചെയ്യുന്നഅച്ഛനമാണ് കഥാപാത്രങ്ങൾ. അച്ഛനെ കുട്ടിയിൽ നിന്ന് അകറ്റുന്നത് നഗരമാണ്. നഗരത്തിൽ നിന്ന് അച്ഛൻ കൊണ്ടുവരുന്നത് രുചികരമായ നെയ്യലുവയാണ് നഗരത്തിൽ നിന്ന് ഗ്രാമം പൊതിഞ്ഞുകൊണ്ടു വരുന്ന അച്ഛനാണതിൽ കാണുക.

ഇടിഞ്ഞുപൊളിഞ്ഞ ലോകത്തിൽ വർണ്ണിക്കുന്ന പൊന്നുണ്ണിയുടെ ചിത്രത്തിലും ഒരു ബ്രാഹ്മണ ബിംബമാണ് മുഴച്ചുനിൽക്കുന്നത്. "പുള്ളീർക്കര മുണ്ടിടയിൽകെട്ടിത്തുള്ളിനടക്കുന്ന"പൊന്നുണ്ണിയെയാണ് അവിടെ വരച്ചു കാണിക്കുന്നത്. നെഞ്ചിലും കൈത്തണ്ടയിലും ഭസ്മക്കുറി വരച്ച് കുടുമ വച്ച ഒരു കുഞ്ഞുമോൻ. വെള്ളിത്തളയും അണിഞ്ഞ ആപൊന്നുണ്ണിയും ഗ്രാമബിംബങ്ങളോടൊപ്പം ആഢ്യബിംബങ്ങളുടെ പ്രതിനിധി ആയിട്ടാണ് മാറുന്നത്. ഈ ബിംബത്തിന് ഇടശ്ശേരിയുടെ പൂതപ്പാട്ടിലെ പൊന്നുണ്ണിയുടെ നേർസാദൃശ്യവും ഉണ്ട്. ആദിത്യസ്തോത്രം എന്ന കവിതയിലും പുലരിയുടെ വെളിച്ചത്തിലേക്ക് കണ്ണുമിഴിക്കുന്ന കുട്ടിയെ ആഢ്യബിംബങ്ങളുടെ സ്വാധീനം കാണാം. എന്നാൽ വളരെ തരുമോ എന്ന കവിതയിൽ മൂത്ത കുഞ്ഞിനെ ഇളയതിനു കാവൽ ഇരുത്തി പോകുന്ന അച്ഛനമ്മമാരുടെ ദരിദ്ര കുടുംബത്തിന്റെ ചിത്രം വർണ്ണിക്കുന്നു. പക്ഷിശാസ്ത്രം എന്ന കവിതയിലെ കുട്ടിക്ക് ഭാഗ്യചീട്ട് കൊത്തിയെടുക്കുന്ന കിളിയോട് അസൂയയും അനുകമ്പയും ആണ് തോന്നുന്നത്. കുട്ടികളുടെ വികാരവിചാരങ്ങൾക്ക് സ്വയം വിട്ടുകൊടുക്കുന്ന ഒരു കവിയെയാണ് ഇത്തരം കവിതകളിൽ നമ്മൾ കണ്ടെത്തുന്നത്.

### ആധുനികതയും റിയലിസവും കാൽപനികതയും സമ്മേളിക്കുന്ന കാവ്യവ്യക്തിത്വം

തനിക്കു വരുവാനിരിക്കുന്ന നഷ്ടബോധങ്ങളുടെ മേലാപ്പു ചാർത്തിയ കവിതകളാണ് അക്കിത്തം രചിച്ചത്. കാൽപനികതയുടെ സഹജ സവിശേഷതകളായ ഗൃഹാതുരത ഗ്രാമീണത, നഷ്ടബോധം, ഭൂതകാലഭിരതി, ദൈവാഭിമുഖ്യം, മരണാഭിമുഖ്യം, വികാരപരത തുടങ്ങി ധാരാളം ഭാവങ്ങൾ കവിതയെ അനുഗ്രഹിച്ചിട്ടുണ്ട്. സോഷ്യലിസം വിഭാവനം ചെയ്ത ക്ഷേമരാഷ്ട്ര സങ്കൽപത്തെ ആലിംഗനം ചെയ്യാൻ ശ്രമിക്കുകയും ദൂഷിച്ച വർഗരാഷ്ട്രീയം അദ്ദേഹത്തെ ദുഃഖിതനാക്കുകയും ചെയ്തു. ആധുനികതയുടെ മടുപ്പും മരവിപ്പും ലോകമഹായുദ്ധങ്ങളുടെ തീക്ഷ്ണതയിൽ പകർന്നുവന്ന ആധിയും, ദൈവനിഷേധ വാസനയും, വിഗ്രഹഭഞ്ജകത്വവും ചില ഘട്ടങ്ങളിൽ അദ്ദേഹം ഏറ്റെടുക്കുകയും ചെയ്തു. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മൂല്യങ്ങളിൽ അടിയുറച്ച് മൂന്ന് സാഹിത്യ ഭാവുകത്വങ്ങളിലും വ്യാപരിക്കാൻ അക്കിത്തത്തിന് കഴിഞ്ഞു.

### ഉപസംഹാരം

മൂന്ന് സാഹിത്യ ഭാവുകത്വ പരിണാമങ്ങളിൽ ആഴ്ന്നപോയ കവിതയാണ് അക്കിത്തത്തിന്റേത്. അവയുടെയെല്ലാം അടിസ്ഥാന ചോദനയായി വർത്തിച്ച വിഭാവം ഗ്രാമീണതയാണ്. മൗലികമായ ഗ്രാമീണ ചോദന കൈവിടുമ്പോൾ നിരാലംബമായിത്തീരുകയാണ് കവിത. ഗ്രാമീണതയ്ക്കു ഭംഗം ചാർത്തുന്നത് നഗരമാണെന്നാണ് കവി വിശ്വസിക്കുന്നത്. അദ്ദേഹത്തിന്റെ നായകൻമാർ നഗരത്തിൽ വസിച്ചാലും ഗ്രാമത്തെ കൂടെക്കൊണ്ടു നടക്കുന്നവരാണ്. തീക്ഷ്ണ യാഥാർത്ഥ്യങ്ങളാണ് ഗ്രാമീണതയെ നിഷേധിക്കുന്നതിന് ഇടയാക്കുന്നത്. നഗരത്തിൽ പെട്ടുപോ

 ISSN: 2582 - 2594

കുന്നത് ക്രൂരമായ അനുഭവമാണ് കവിക്ക് സമ്മാനിക്കുന്നത്. നിരത്ത് എന്ന പ്രയോഗത്തിലൂടെ വന്ധ്യമായ ഒരിടമായി അത് മാറിപ്പോകുന്നു. ഇടിഞ്ഞുപൊളിഞ്ഞു പോകുന്ന ഗ്രാമീണതയെ ആധിയോടെ ചിത്രീകരിക്കാനാണ് കവി കവിതയിൽ ശ്രമിക്കുന്നത്. ഗ്രാമം സ്ഥായീഭാവവും നഗരം സഞ്ചാരീഭാവവുമായി കടന്നുവരുന്നു. കാൽപനികആധുനികതയാണ് ഗ്രാമ – നഗര സംഘർഷങ്ങളിലൂടെ അനുഭവവേദ്യമാകുന്നത്. ഗ്രാമത്തിന് വിപരീതമായാണ് നഗരം കവിതയിൽ വർത്തിക്കുന്നത്.

സൗമ്യജീവിതം -ഊഷരജീവിതം എന്നീ രണ്ടു പുറങ്ങൾ വ്യവച്ഛേദിച്ചു കാണിക്കുകയാണ് ഗ്രാമ/ നഗര ദ്വന്ദ്വത്തിലൂടെ ചെയ്യുന്നത്. ഗ്രാമത്തിലെ ദുഃഖങ്ങളെല്ലാം സന്തോഷമാണെന്ന് കവി പ്രഖാപിക്കുന്നു. എന്നാൽ നഗരത്തിലെ സുഖങ്ങളെല്ലാം ദുഃഖമായിട്ടു മാത്രമേ കവിതയിൽ പ്രവർത്തിക്കുന്നുള്ളൂ. നഗരനിർമ്മിതി തന്നെ ഗ്രാമീണതയുടെ സൗന്ദര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്. ഗ്രാമബിംബങ്ങളിൽ ആഢ്യ-സവർണ ബിംബങ്ങളും നഗരബിംബങ്ങളിൽ യന്ത്രവത്കൃതവും ജോലി സംബന്ധവും അന്യവത്കൃതവുമായ സാഹചര്യങ്ങളും കൊരുത്തു വച്ചിരിക്കുന്നു. കണ്ണീർ പരാമർശങ്ങളുടെ നീണ്ട പട്ടികയൊരുക്കുന്ന വരികളിലൂടെ ധർമ്മാധർമ്മ വിവേചനം സാധ്യമാക്കുന്ന കവിതകളാണിത്. ഗ്രാമീണതയുടെ അപരഭാഗമായ വ്യക്തി, സ്നേഹം, കുടുംബബന്ധങ്ങൾ എന്നിവയിലൂടെ സഞ്ചരിച്ച് കവിത ശൈശവ ബാല്യ കൗമാരയൗവന വാർദ്ധക്യങ്ങൾ താണ്ടുന്നു. അക്കിത്തത്തിലെ നഗരസങ്കല്പം ഗ്രാമ വിശുദ്ധിയെ പൂർണ്ണമാക്കാനായി അദ്ദേഹം സംവഹിക്കുന്ന ചില ഇടങ്ങളാണ്. പരഭാഗശോഭയോടെയാണ് അത് മൂർത്തഭംഗി തേടുന്നത്. രൂപയുടെ മൂല്യം നിരന്തരം കുറയുന്നതുപോലെ ഗ്രാമമൂല്യം കുറയുന്നു. അതിന് വിലയിടിയുന്നു. നഗരമൂല്യം കൂടുന്നു എന്നും അദ്ദേഹം കണ്ടെത്തുന്നു.

## സഹായകഗ്രന്ഥങ്ങൾ


1. അക്കിത്തം അച്യുതൻ നമ്പൂതിരി, അക്കിത്തം കവിതകൾ; മാതൃഭൂമി ബുക്ക്സ് ; ഫെബ്രുവരി 2020
2. അക്കിത്തം; ബലിദർശനം; നാഷണൽ ബുക്ക്സ് സ്റ്റാൾ, കോട്ടയം. സെപ്റ്റംബർ 1974
3. പി. എം. നാരായണൻ (എഡിറ്റർ); അക്കിത്തം എന്ന ഇതിഹാസം; നാഷണൽ ബുക്ക്സ് സ്റ്റാൾ, കോട്ടയം, നവംബർ 2016
4. എം. ലീലാവതി; അക്കിത്തത്തിന്റെ കവിത ഒരു പഠനം; വള്ളത്തോൾ വിദ്യാപീഠം ശുകപുരം. ഡിസംബർ 2010